"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.അനീഷ് എൻ.യു- ന്റെ പിതാവിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് എറണാകുളം ലിസ്സി ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2043/2023/LSGD തീയതി,തിരുവനന്തപുരം, 17-10-2023

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 15.12.2017ലെ G.O.(MS) No.184/2017/H&FWD നമ്പർ ഉത്തരവ്.
3. ശ്രീ.അനീഷ്.എൻ.യു-ന്റെ 24.01.2022-ലെ അപേക്ഷ
4. പ്രിൻ സിപ്പൽ ഡയറക്ടറുടെ 09.05.2023- ലെ LSGD/PD/ 8010/ 2023-DEG1 നമ്പർ കത്ത്.
5. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09.12.2021-ലെ 8 / 1 നമ്പർ തീരുമാനം.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.04.2023-ലെ (എൽ.ഡിസ്) എം.ആർ 1/17955/2022/ആ.വ.ഡ നം. കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.അനീഷ് എൻ.യു-ന്റെ പിതാവിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് എറണാകുളം ലിസ്സി ആശുപത്രിയിൽ നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം(3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർ ശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 99,435/- രൂപയുടെ 80% ശതമാനമായ 79,548/- (എഴുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി നാൽപത്തിയെട്ട് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് പ്രിൻ സിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ തുക വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.അനീഷ് എൻ.യു-ന്റെ പിതാവിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് എറണാകുളം ലിസ്സി ആശുപത്രിയിൽ 16.11.2021 മുതൽ 23.11.2021 വരെ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരുന്ന തുകയായ 99,435/- രൂപയുടെ 8 0 % ശതമാനമായ 79,548/-രൂപ (എഴുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി നാൽപത്തിയെട്ട് രൂപ മാത്രം) നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾക്ക് വിധേയമായി പ്രസ്തുത ചികിത്സയ്ക്ക് ടിയാൾ സമർപ്പിച്ച മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, പത്തനംതിട്ട (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല.

ശ്രീ.അനീഷ് എൻ.യു, ക്ലാർക്ക്, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.354/EPA3/2023 /LSGD).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 25-10-2023 11:35:12
സെക്ഷൻ ഓഫീസർ